ഗവണ്മെൻറിനു് ഒരു നോട്ടീസു് അയയ്ക്കുകയും 1-ാം തീയതിമുതൽ ഷോപ്പുകൾ നടത്തുകയും ചെയ്യുന്നില്ല. അതു കഴിഞ്ഞതിനുശേഷം ഷോപ്പുകൾ നടത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിനോക്കി. അതിനു സാധിക്കാത്തതുകൊണ്ടു് ഷോപ്പുകൾ റീടെൻഡർ ചെയ്യാനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണു്.

Mr. Speaker: In the light of the statement made by the hon. Revenue Minister, I withhold consent to the moving the adjournment motion

III. CALLING ATTENTION UNDER RULE 61

Destruction of huts of Harijans in Hosdurg Taluk.

മി. സ്പീക്കർ : കണ്ണൂർ ഡിസ്ട്രിക്ടിൽ ഹോസ്ദുർഗ്ഗു് താലൂക്കിൽ കൊട്ടറ എന്ന സ്ഥലത്തു് പുറമ്പോക്കിൽ കുടിലുകൾകെട്ടി താമസിക്കുന്ന ഹരിജനങ്ങളുടെ കുടിലുകൾ പൊളിച്ചു മാറ്റുകയുംമറ്റും ചെയ്തതിനെപ്പറ്റി ശ്രീ. ചടയൻ ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

ശ്രീ. എം. ചടയൻ : സർ, കണ്ണൂർ ഡിസ്ട്രിക്ടിൽ ഹോസ്ദുർഗ്ഗു് താലൂക്കിൽ നീലേശ്വർ, കൊട്ടറ എന്നീ പുറംപോക്കു സ്ഥലങ്ങളിൽ ഹരിജനങ്ങൾ കുടിൽകെട്ടി താമസിച്ചുവരികയായിരുന്നു. എന്നാൽ കഴിഞ്ഞമാസം 20-ാംതീയതി കുറേയാളുകൾ ചേർന്നു് പാവപ്പെട്ട ഹരിജനങ്ങളുടെ കുടിലുകൾ പൊളിച്ചുകളയുകയും അവിടെയുണ്ടായിരുന്ന വൃക്ഷങ്ങളുംമറ്റും നശിപ്പിക്കുകയുംചെയ്തു. അതിനെ തടസ്സപ്പെടുത്താൻ ഹരിജനങ്ങൾ ശ്രമിച്ചപ്പോൾ കെ. വി. പൂജാരി എന്ന ഒരു ഹരിജനെ ചിലർ കൊടുവാൾകൊണ്ടും മറ്റുപല ആയുധങ്ങൾകൊണ്ടും തല്ലിവെട്ടി ഗുരുതരമായ മുറിവുകൾ ഏൽപ്പിക്കുകയുണ്ടായി. കുഞ്ഞമ്പു എന്ന പേരുള്ള മറ്റൊരു ഹരിജനും വലിയ പരിക്കുകളേറ്റിട്ടുണ്ടു്. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണു്. പോലീസുകാർ കാര്യമായ യാതൊരു നടപടിയും എടുത്തിട്ടില്ല. അവർ സ്ഥലത്തുവന്നു അന്വേഷിക്കുകപോലും ചെയ്തിട്ടില്ല. നാട്ടുകാർകൂടി പ്രതികളെ പിടിച്ചു് നീലേശ്വരം സബ് ഇൻസ്പെക്ടറെ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ടെങ്കിലും സബ് ഇൻസ്പെക്ടർ യാതൊരു നടപടിയും എടുത്തിട്ടില്ല. ഹരിജനങ്ങളും മറ്റാളുകളുമായുള്ള ഈ സംഘട്ടനത്തിൽ ഹരിജനങ്ങളുടെ ഭാഗത്തു് സത്യമുണ്ടെന്നു ബോധ്യപ്പെട്ട നാട്ടുകാർ കോളനിനിവാസികൾക്കു് നേതൃത്വംകൊടുത്തു് രംഗത്തുവന്നിട്ടുണ്ടു്. 1950 മുതൽ ഈ പുറംപോക്കുഭൂമി ഹരിജനങ്ങൾ കൈവശംവച്ചുവരികയാണു്. ഇന്നു് ഹരിജനങ്ങൾക്കു യാതൊരു രക്ഷയുമില്ലാത്ത അവസ്ഥയാണുള്ളതു്. ചില താഴ്ന്ന പോലീസുദ്യോഗസ്ഥന്മാരെക്കൊണ്ടു് ഹരിജനങ്ങൾക്കു് യാതൊരു രക്ഷയുമില്ലാത്ത ഈ അവസ്ഥയിൽ കണ്ണൂർ ഡി.എസ്.പി.-യെക്കണ്ടു് നിവേദനം നടത്തുകയുണ്ടായി. കണ്ണൂർ ഡി.എസ്.പി. മുഖേന ഞാൻ നടപടികളെടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. അതിന്റെ പേരിൽ നാലുപ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ടു്. എന്നിട്ടും കാര്യമായ മറ്റു നടപടികളൊന്നും എടുത്തിട്ടില്ലെന്നാണറിയുന്നതു്. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണു് ഞാനാഗ്രഹിക്കുന്നതു്. ബന്ധപ്പെട്ട നീലേശ്വരം പോലീസു് സബ് ഇൻസ്പെക്ടരുടെ പേരിൽ വേണ്ടപ്പെട്ട നടപടി എടുക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : ഇതിനെപ്പറ്റി അന്വേഷിച്ചതിനുശേഷം വിവരം പറയാം.

ശ്രീ. കെ. ടി. ജേക്കബ്ബു് : സർ, എനിക്കു് ഒരു സബ്മിഷനുണ്ടു്. ഈ കഴിഞ്ഞദിവസം ബംഗാൾ അസംബ്ലിയിൽ അവിടത്തെ പോലീസു് വളരെ സംഘടിതമായി ഒരു ആക്രമണം നടത്തിയെന്ന സംഭ്രമജനകമായ വിവരം ഈ നാട്ടിലുള്ള എല്ലാവർക്കും അറിയാം. ഈ സംഭവത്തെ ഇൻഡ്യാരാജ്യത്തുള്ള എല്ലാ ജനാധിപത്യവിശ്വാസികളും അപലപിച്ചുകഴിഞ്ഞിരിക്കുകയാണു്. നമ്മുടെ ഇൻഡ്യൻ പാർലമെൻറും ഇതിൽ പ്രതിഷേധിച്ചിട്ടുണ്ടു്. ഇതു് ജനാധിപത്യ ഭരണ

LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായത്തോടുള്ള ഒരു വെല്ലുവിളിയും വിപ്ലവശക്തികളുടെ അരങ്ങേറ്റവുമായതു കൊണ്ട് ഇതിനെ സമ്പൂർണശക്തിയുമുപയോഗിച്ചു തടയേണ്ട ചുമതല നമ്മുടെ ഈ അസംബ്ലിക്കുമുണ്ട്. സായുധപോലീസിന്റെ വെറും ഒരു പ്രകടനം മാത്രമായിരുന്നു എങ്കിൽ മനസ്സിലാക്കാമായിരുന്നു. നേരേമറിച്ച് ഒരു ഗൂഢാലോചനയുടെ ഭാഗമെന്ന നിലയിൽ നിയമസഭയിൽ കടന്നു എം.എൽ.എ.-മാരെയും മറ്റും കൈയ്യേറുകയും മന്ത്രിമാരെ അപമാനിക്കുകയും സ്പീക്കറെ ഭീഷണിപ്പെടുത്തുകയും ഒക്കെ ചെയ്തിരിക്കുകയാണു്. ഇത്രമാത്രം ജനാധിപത്യവിരുദ്ധവും ക്രൂരവുമായ ഈ നടപടിയെ അപലപിക്കാൻ ഈ നിയമസഭയ്ക്ക് ഒരു അവസരം ഉണ്ടാക്കിത്തരുന്നതിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷെ, അങ്ങനെ ഉണ്ടായില്ല. ഏതായാലും ഇനിയെങ്കിലും ഈ സഭയിലെ എല്ലാ വിഭാഗം അംഗങ്ങളും ഒന്നടങ്കം ഇതിനു തയ്യാറാകണമെന്നും അതിനുള്ള ഒരവസരം ഈ സഭയ്ക്ക് ഉണ്ടാക്കിത്തരണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : മറ്റു സഭകളിലൊക്കെ പല അനാശാസ്യനടപടികളും നടക്കുന്നു എന്നൊക്കെപറഞ്ഞു് ഇവിടെയും കുഴപ്പമുണ്ടാക്കണ്ട. മറ്റു സഭകളിൽ ഇന്ന നിലയിലൊക്കെ നടക്കുന്നുണ്ടു് ഇവിടെ എന്തുകൊണ്ടു് അതുപോലൊക്കെ നടക്കുന്നില്ല എന്നൊക്കെ ആളുകൾക്കു് തോന്നത്തക്കനിലയിൽ ഈ നിലയിലുള്ള ചർച്ചകൾ നടത്തുന്നതു ശരിയാണോ ? ലാഘവബുദ്ധിയോടുകൂടിയല്ല ഇതു പറയുന്നതു്. നിയമസഭയ്ക്കകത്തുകയറി ഇതുമാതിരിയുള്ള പ്രകടനങ്ങൾ നടത്തുന്നതു് ആരായിരുന്നാലും ഏതു ഭാഗത്തുനിന്നുണ്ടായാലും അതിനെ അങ്ങേയറ്റം എതിർക്കുകയും അപലപിക്കുകയും ചെയ്യണമെന്നുള്ളതാണു് നമ്മുടെ കടമ പക്ഷെ ഇതിനെ സംബന്ധിച്ചു് ഒരു ചർച്ചയുടെ ആവശ്യമുണ്ടോ, ഉണ്ടെങ്കിൽ അതു് എങ്ങനെ നടത്തണം എന്നുള്ളതിനെപ്പറ്റിയൊക്കെ ബിസിനസ്സു് അഡ്വൈസറികമ്മിറ്റിയുമായിട്ടു് ആലോചിച്ചുവേണം തീരുമാനിക്കാൻ. ചർച്ചനടത്തിയാൽ കൂടുതൽ പ്രയോജനമാണോ അതുകൊണ്ടുണ്ടാകുന്നതു്, അതോ കൂടുതൽ കുഴപ്പങ്ങളാണോ ഉണ്ടാകുന്നതു് എന്നുള്ളതിനെപ്പറ്റിയൊക്കെ ചിന്തിച്ചിട്ടു് ഇതുസംബന്ധിച്ചു് ഒരു തീരുമാനമെടുക്കാവുന്നതാണു്.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, എനിക്കു് ഒരു കാര്യം പറയാനുണ്ടു്. ഏതെങ്കിലും ഒരു സംഗതി മുൻകൂട്ടി സ്പീക്കറെ അറിയിക്കാതെയും ബിസിനസ്സു് അഡ്വൈസറി കമ്മിറ്റിയുമായ് ആലോചിക്കാതെയും പെട്ടെന്നു് ഇങ്ങനെ സഭയിൽ ഉന്നയിക്കുമ്പോൾ അതിനെസംബന്ധിച്ചു് അഭിപ്രായം പറയാൻ ബാദ്ധ്യസ്ഥരായ പാർട്ടിനേതാക്കന്മാർക്കു് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടു് ബഹുമാനപ്പെട്ട അങ്ങു് ഒരു നിർദ്ദേശം സഭയ്ക്കുകൊടുത്താൽ കൊള്ളാം. ഏതെങ്കിലും ഒരു സംഗതി സഭയിൽ ഉന്നയിക്കുന്നതിനുമുമ്പായി ആ വിവരം ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കണമെന്നു് ഒരു നിർദ്ദേശംകൊടുക്കുന്നതു് നന്നായിരിക്കും.

മി. സ്പീക്കർ : ഇതു് മറ്റു സഭകളിൽ നടന്ന കാര്യമാണു്. അതുകൊണ്ടാണു് ഇതിനെപ്പറ്റി ചർച്ചചെയ്യണമോയെന്നു് ആലോചിക്കണമെന്നു പറഞ്ഞതു്. മുൻനിശ്ചയിച്ചതനുസരിച്ചു് അല്ലാതെ പലരും പല പ്രശ്നങ്ങളും സഭയിൽ ഉന്നയിക്കുന്ന ഒരു പ്രവണത ഈയിടെ ഉണ്ടായിട്ടുണ്ടു്. അതു് നമ്മുടെ അസംബ്ലി നടപടികൾക്കു് പ്രതികൂലമായി ഇതുവരെ വന്നിട്ടില്ല. അതുതന്നെ ആശ്വാസകരമാണു്. അങ്ങനെ വരുകയില്ലെന്നതന്നെ നമുക്കു് ആശിക്കുകയും ചെയ്യാം.

ശ്രീ. ടി. എ. മജീദു് : വെറും യാന്ത്രികമാകുന്നതു ശരിയല്ലല്ലോ.

ശ്രീ. എം. രാമണ്ണി : സർ, എനിക്കു് ഒരുകാര്യം ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കാനുണ്ടു്. നമ്മുടെ എം.എൽ.എ. കോർട്ടേഴ്സിൽ ഫോൺ ചെയ്യാനുള്ള

.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത്രതന്നെയാണു് വിദ്യാഭ്യാസമന്ത്രി പറഞ്ഞതു്. ഇതൊക്കെ ചേമ്പറിൽ വന്നു പറഞ്ഞാൽ പോരെ ?

ശ്രീ. എം. രാമുണ്ണി : സർ, ഞങ്ങൾക്കു് ഇന്നു് സീക്രറേറിയറ്റ് സംസാരിക്കാൻ പറ്റാത്ത പല സാഹചര്യങ്ങളുണ്ടു്. എം.എൽ.എ. കോർട്ടേഴ്സു് അങ്ങയുടെ നിയന്ത്രണത്തിലാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ആരെയെങ്കിലും ഫോണിൽവിളിച്ചാൽ കിട്ടാത്ത ഒരു സ്ഥിതിയുണ്ടു്. അതുകൊണ്ടു് ഇതിനെപ്പറ്റി അങ്ങു് ഒന്നു അന്വേഷിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ : അന്വേഷിക്കാം.

ശ്രീ. വി. കൃഷ്ണൻ നായർ : സർ, ഞാൻ റൂം 61 അനുസരിച്ചു് ഒരു നോട്ടീസു് കൊടുത്തിരുന്നു. ഇപ്പോഴും അതിനെസംബന്ധിച്ചു് യാതൊരു വിവരവുമില്ല.

മി. സ്പീക്കർ : അതിനെപ്പറ്റിയും അന്വേഷിക്കാം.

IV. LEGISLATIVE BUSINESS

The Kerala Panchayati Raj Bill, 1967

Mr. Speaker : Now we will continue the general discussion on the Kerala Panchayati Raj Bill, 1967.

Shri K. Moideenkutty Haji : Sir, Mr. Ahammed was speaking on the Bill the other day.

Mr. Speaker : Then Mr. Ahammed can continue his speech.

ശ്രീ. ഇ. അഹമ്മദു് : സർ, കഴിഞ്ഞതവണ സഭ പിരിയുമ്പോഴും ഈ ബില്ലിനെ സംബന്ധിച്ച ചർച്ച തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. ഈ ബില്ലിനെ സംബന്ധിച്ചും ഈ ബില്ലിലെ പല വ്യവസ്ഥകളെ സംബന്ധിച്ചും ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളും ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സർ, ഈ ബില്ലു് ജില്ലാഭരണത്തെ സംബന്ധിച്ചിടത്തോളവും പഞ്ചായത്തുഭരണത്തെ സംബന്ധിച്ചിടത്തോളവും വളരെ പ്രധാനപ്പെട്ടതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നപ്പോഴും ആ ഭരണഘടനയിൽ വിഭാവനംചെയ്തതായിരുന്ന ജനാധിപത്യഭരണം നടപ്പിലാക്കുകയെന്നുള്ളതു്. ജനാധിപത്യഭരണം എന്നതിനെസംബന്ധിച്ചു് നമ്മുടെ ഭരണഘടന വിഭാവനചെയ്തിരുന്നതു് ഏതാനുമാളുകളുടെ കൈയിലേക്കു് അധികാരം വികേന്ദ്രീകരിക്കപ്പെടുകയെന്നുള്ളതായിരുന്നില്ല. പ്രത്യുത, സാധാരണജനങ്ങളിലേക്കു്, ഗ്രാമങ്ങളിലെ ജനങ്ങളിലേക്കു് അധികാരം പകരുകയെന്നുള്ളതായിരുന്നതുകൊണ്ടു് ഉദ്ദേശിച്ചിരുന്നതു്. തികച്ചും ജനാധിപത്യഭരണക്രമം വിഭാവനചെയ്യുന്ന ഒരു ഭരണഘടനയ്ക്കു് രൂപംനൽകി വളരെവർഷങ്ങളും കഴിഞ്ഞിട്ടും ഗ്രാമീണജനങ്ങളിലേക്കു് അധികാരം പകർന്നുകൊടുത്തു് യഥാർത്ഥ ജനകീയഭരണം നടപ്പിൽ വരുത്താൻ നമുക്കു സാധിച്ചിട്ടില്ലെന്നുള്ളതു് വളരെ ഖേദകരമായ ഒരു വസ്തുതയാണു്.

സർ, രണ്ടാം പഞ്ചവത്സരപദ്ധതിക്കു് രൂപംനൽകിയപ്പോഴും വളരെ വ്യക്തമായി ഈ വസ്തുത പ്രഖ്യാപിച്ചിരുന്നു. ജില്ലാഭരണത്തെ സംബന്ധിച്ചും ഗ്രാമപഞ്ചായത്തുകളുടെ ഭരണത്തെ സംബന്ധിച്ചും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സവിസ്തരം പ്രതിപാദിച്ചിരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതി ഈ രാജ്യത്തിന്റെ മുമ്പാകെ അവതരിപ്പിച്ചപ്പോഴും വളരെ പ്രധാനപ്പെട്ട ഒരു കാര്യമെന്നുള്ളനിലയിൽ അതിന്റെ ആമുഖമായി ഇങ്ങിനെ പറഞ്ഞിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly